"ഭരണഭാഷ - മാതൃഭാഷ"

വളരെ അടിയന്തിരം

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/110/15

ചാക്ക, തിരുവനന്തപുരം
തീയതി: 22.01.2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- 2013 ആഗസ്റ്റ് മാസത്തിൽ അഡ്മിഷൻ നേടിയ ട്രെയിനികളിൽ 2015 ജൂലൈ മാസം വരെ നടത്തിയ ട്രേഡ് ടെസ്റ്റിൽ പാസായ ട്രെയിനികളുടെ പേര്, രക്ഷകർത്താവിന്റെ പേര്, ജനനതീയതി, തുടങ്ങിയ രേഖപ്പെടുത്തലുകളിലെ തെറ്റ് തിരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- ഇതേ നമ്പരായുള്ള 16-1-2016 ലെ ചുറ്ററിയിപ്പ്.

----------

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. 2013 ആഗസ്റ്റ് മാസത്തിൽ അഡ്മിഷൻ നേടിയ ട്രെയിനികളിൽ 2015 ജൂലൈ മാസം വരെ നടത്തിയ ട്രേഡ് ടെസ്റ്റിൽ വിജയിച്ച ട്രെയനികളുടെ വിവരങ്ങൾ ഓൺലൈനായി 15-1-2016 നകം തിരുത്തൽ വരുത്താൻ സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇനിയും ധാരാളം സ്ഥാപനങ്ങൾ ട്രെയിനികളുടെ വിവരങ്ങൾ ഓൺലൈനായി തിരുത്തൽ വരുത്തേണ്ടതുണ്ട് എന്ന് കാണുന്നു. ആയതിനാൽ തിരുത്തലുകൾ വരുത്താനുള്ള തീയതി 27-01-2016 വരെയായി ഇപ്പോൾ ദീർഘിപ്പിച്ചിരിക്കുന്നു. ടി തീയതിക്കകം തിരുത്തലുകൾ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. ട്രെയനികളുടെ വിവരങ്ങൾ ഈ മാസം അവസാനത്തോടുകൂടി ഡി.ജി.റ്റി.ക്ക് കൈമാറും എന്നതിനാൽ പ്രസ്തുത തീയതി യാതൊരു കാരണവശാലും ദീർഘിപ്പിച്ച് നൽകുന്നതല്ല എന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു. ട്രെയിനികളുടെ വിവരങ്ങൾ തിരുത്താതിരിക്കുകയും എൻ.ടി.സി. കളിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിന് അതത് സ്ഥാപനമേധാവികൾക്ക് മാത്രമാണ് ഉത്തരവാദിത്തം എന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി /
സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/22.01